# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3800
## 15.03.2017 ലെ മറുപടിയ്ക്ക്

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

**ചോദ്യം :**
**ശ്രീ.പി.കെ.ബഷീർ**

**ഉത്തരം :**
**ഡോ.ടി.എം.തോമസ് ഐസക്**
**(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | കഴിഞ്ഞ സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | സർക്കാർ ഈ വിഷയം പഠിച്ച് വരികയാണ്. |
| ബി) | രാഷ്ട്രപതിയുടെ പ്രത്യേക ശിപാർശ പ്രകാരം കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന ഗവൺമെന്റുകളും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പുന:സ്ഥാപിച്ച നൽകിയ ഡി.സി.ആർ.ജി., കുടുംബ പെൻഷൻ, എക്സ്- ഗ്രേഷ്യ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ കേരളത്തിൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അതേ രീതിയിൽ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | സർക്കാർ ഈ വിഷയം പരിശോധിച്ച് വരുന്നു. |
| സി) | കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന ഗവൺമെന്റുകളും ഒരു പോലെ നടപ്പിലാക്കിയ പദ്ധതിയിൽ ആനുകൂല്യങ്ങൾ പുന: സ്ഥാപിച്ച നൽകുന്ന കാര്യത്തിൽ കേരളത്തിൽ മാത്രം വ്യത്യസ്ത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം എന്താണെന്നു വ്യക്തമാക്കുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ പുന:സ്ഥാപിച്ച് നൽകുന്നത് സംബന്ധിച്ച് പി.എഫ്.ആർ.ഡി.എ-യുമായും കേന്ദ്ര-സർക്കാരുമായും ഒപ്പുവെച്ചിരിക്കുന്ന കരാറു-കളിൽ പ്രത്യേകമായി പരാമർശിച്ചിട്ടില്ലാത്ത തിനാൽ ഇത്തരം ആനുകൂല്യങ്ങൾ പുന:സ്ഥാപിച്ച് നൽകുന്നത് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിൽ ഉൾപ്പെടുന്ന കാര്യമാണ്. ആയതിനാൽ സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ പ്രത്യേകമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.അത് പ്രകാരമാണ് കേരള സംസ്ഥാന സർക്കാരും ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. |

| | | |
|---|---|---|
| ഡി) | പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടത്തിയ പുന: പരിശോധന റിപ്പോർട്ട് ലഭ്യമാക്കുമോ? | സർക്കാർ ഈ വിഷയം പഠിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ**